**ഭരണഭാഷ – മാതൃഭാഷ**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com / 0471 2561307

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് അനുപാത സ്ഥാനക്കയറ്റം (Ratio Promotion) - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം ( ഡി) വിഭാഗം

ഇഡി3/3365/2024/ഡിടിഇ തിരുവനന്തപുരം, :03-07-2024

---

വായന:- 1.10.02.2021 ലെ സ.ഉ (പി) നമ്പർ.27/2021/ധന നമ്പർ സർക്കാർ ഉത്തരവ്
2.13.09.2023 ലെ ഇജി3/14949/23/ഡിടിഇ നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റ്

3.22.04.2024 ലെ ഈ കാര്യാലയത്തിലെഇതേ നമ്പർ ഉത്തരവ്

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം, ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് ഡ്രൈവർ ഗ്രേഡ് - II, ഡ്രൈവർ ഗ്രേഡ് - I, സീനിയർ ഗ്രേഡ് ഡ്രൈവർ എന്നിങ്ങനെ 1:1:1 എന്ന അനുപാതവും, സെലക്ഷൻ ഗ്രേഡ് തസ്തികയിലേക്ക് സീനിയർ ഗ്രേഡ് തസ്തികയുടെ 10 ശതമാനവും അനുപാത സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അതിനാൽ, പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഈ വകുപ്പിലെ വിവിധ വിഭാഗം ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള തിയതി പ്രാബല്യത്തിൽ 1958 ലെ ഭാഗം - II കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 28 (b) (ii) യിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുപാത സ്ഥാനക്കയറ്റം (Ratio Promotion) അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1. ₹ 31100 - 66800 വേതന നിരക്കുള്ള സീനിയർ ഗ്രേഡ് തസ്തികയിലേക്കുള്ള അനുപാത സ്ഥാനക്കയറ്റം**

| ക്രമ നം | വായന (2) ലെ ക്രമ നം | പേര്,സ്ഥാപനം, നിലവിലെ തസ്തിക,പെൻ | അനുപാത സ്ഥാനക്കയറ്റ പ്രാബല്യ തീയതിയും, ഒഴിവിൻറെ സ്വഭാവവും |
|---|---|---|---|
| 1 | 15 | ജഗതീശൻ.പി.വി<br>ഡ്രൈവർ ഗ്രേഡ് - I<br>രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി,കോട്ടയം<br>പെൻ - 709481 | 01.06.2024<br>(പ്രകാശൻ.പി.കെ വിരമിച്ച ഒഴിവ്) |
| 2 | 16 | നവാസ്.കെ.എം<br>ഡ്രൈവർ ഗ്രേഡ് - I<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം<br>പാലക്കാട്<br>പെൻ - 713029 | 01.06.2024<br>(പ്രശാന്തൻ.എം.ജി വിരമിച്ച ഒഴിവ്) |

2. ₹ 27900 -- 63700 വേതന നിരക്കുള്ള ഡ്രൈവർ ഗ്രേഡ് - I തസ്തികയിലേക്കുള്ള അനുപാത സ്ഥാനക്കയറ്റം

| ക്രമ നം | വായന (2) ലെ ക്രമ നം | പേര്,സ്ഥാപനം, നിലവിലെ തസ്തിക,പെൻ | അനുപാത സ്ഥാനക്കയറ്റ പ്രാബല്യ തീയതിയും, ഒഴിവിൻറെ സ്വഭാവവും |
|---|---|---|---|
| 1 | 28 | മനേഷ്.എം<br>ഡ്രൈവർ ഗ്രേഡ് - II<br>സർക്കാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ്,കണ്ണൂർ<br>പെൻ - 846228 | 01.04.2024<br>(അഭിലാഷ്.വി - യ്ക്ക റേഷ്യോ പ്രമോഷൻ ലഭിച്ച ഒഴിവ്) |
| 2. | 30 | അരുൺ.ജി.ആർ<br>ഡ്രൈവർ ഗ്രേഡ് - II<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ<br>പെൻ - 871187 | 01.06.2024<br>(നവാസ്.കെ.എം റേഷ്യോ പ്രമോഷൻ ലഭിച്ച ഒഴിവ്) |

ടി ഉത്തരവ് പ്രകാരമുള്ള സ്ഥാനക്കയറ്റങ്ങളിൽ ജീവനക്കാർ ജോലിനോക്കുന്ന തസ്തികകളും, സ്ഥാനക്കയറ്റ തസ്തികകളും തമ്മിൽ ജോലിയുടെ സ്വഭാവത്തിലും, ഉത്തരവാദിത്വത്തിലും വ്യത്യാസമില്ലാത്ത അനുപാതിക സ്ഥാനക്കയറ്റമായതിനാൽ (Ratio Promotion) 19.10.2007 ലെ സ.ഉ (അച്ചടി) 515/2007/ധന നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിച്ച തീയ്യതി മുതൽ (Date of Effect of Promotion) ശമ്പള നിർണ്ണയത്തിനും, പുതുക്കിയ ശമ്പളത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

ഡ്രൈവർ ഗ്രേഡ് - I തസ്തികയിലേക്ക് അനുപാത സ്ഥാനക്കയറ്റം അനുവദിച്ചിരുന്ന വായന സീനിയോറിറ്റി പട്ടികയിലെ ക്രമ നം.29 സുഫീർഷ.എം (പെൻ - 862606) ന്റെ അനുപാത സ്ഥാനക്കയറ്റ പ്രബല്യ തീയതി 01.06.2024 (ജഗതീശൻ.പി.വി - യ്ക്ക റേഷ്യോ പ്രമോഷൻ ലഭിച്ച ഒഴിവ്) തീയതിയിലേക്ക് മാറ്റി കൊണ്ട് വായന (3) ഉത്തരവ് ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

ടി സ്ഥാനക്കയറ്റത്തിൻറെ വിവരവും, പുതുക്കിയ ശമ്പളത്തിന്റെ വിവരവും അതാത് ആഫീസ് മേധാവികൾ ജീവനക്കാരുടെ സേവന പുസ്തകം / സ്പാർക്ക് ഡേറ്റാബേസ് എന്നിവകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

Sunilkumar C V

SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

1.1.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2.ബന്ധപ്പെട്ട ജീവനക്കാർക്ക് സ്ഥാപന മേധാവി മുഖേന)

3.ഇ - ഓഫീസ് കരുതൽ സഞ്ചയം.

പകർപ്പ്

സി.എ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ഡിടിഇ

Signed by
Sunilkumar C V
Date: 03-07-2024 17:08:26